**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1424** **28-07-2021 - ൽ മറുപടിയ്ക്ക്**

**പ്രാദേശിക പത്രപ്രവർത്തകരുടെ ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | പ്രാദേശിക പത്രപ്രവർത്തകരുടെ ക്ഷേമനിധിയെന്ന ആവശ്യത്തെക്കുറിച്ചുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ പത്ര-ദൃശ്യ ഡിജിറ്റൽ മാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന മറ്റു ക്ഷേമനിധികളിൽ ഒന്നും അംഗമല്ലാത്ത തൊഴിലാളികൾക്ക് അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാകാവുന്നതാണ് |
| (ബി) | മുൻ ധനകാര്യ മന്ത്രിമാരായ ശ്രീ. കെ. എം. മാണിയും, ഡോ. തോമസ് ഐസകും ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിരുന്ന ക്ഷേമനിധി എന്ന ആശയം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | പത്ര-ദൃശ്യ ഡിജിറ്റൽ മാധ്യമങ്ങൾക്ക് പഞ്ചായത്ത് തലംവരെയും പ്രാദേശിക ലേഖകർ ഉണ്ട്. ഇവർക്കായി ആലോചനയിലുണ്ടായിരുന്ന ക്ഷേമനിധി പ്രായോഗികമായി നടപ്പാക്കാൻ സാധിച്ചിട്ടില്ല. |
| (സി) | പ്രാദേശിക പത്രപ്രവർത്തകർക്ക് ആരോഗ്യ ഇൻഷ്വറൻസും, അക്രഡിറ്റേഷനും അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; | (സി) | 2008- ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം 02-02-2016 ലെ ജി.ഒ (പി) നമ്പർ 24/2016/തൊഴിൽ ഉത്തരവ് മുഖേന കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിലുണ്ട്. വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ് സർവ്വീസ് & മിസ്സലേനിയസ് പ്രൊവിഷൻസ്) ആക്ട് 1955 ന്റെ പരിധിയിൽ വരാത്തവരും, ഫ്രീലാൻസ് പത്രറിപ്പോർട്ടർ, സ്ട്രിംഗർ തുടങ്ങി ഒരു പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ സ്കീമിൽ അംഗത്വ മെടുക്കാവുന്നതാണ്. ഈ ക്ഷേമപദ്ധതി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. അക്രഡിറ്റേഷൻ ഇല്ലാത്ത മാധ്യമ പ്രവർത്ത കർക്ക് വകുപ്പിൽനിന്നും നൽകി വരുന്ന പ്രസ് ഐഡന്റിറ്റി കാർഡ് സുരക്ഷാകാരണങ്ങളാൽ ഇവർക്ക് അനുവദിക്കുന്നില്ല. |

| | | | |
|---|---|---|---|
| | | | മീഡിയാ ലിസ്റ്റിൽ ഉള്ള മാധ്യമപ്രവർത്തകർക്ക് സ്ഥാപനത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പിൽ പ്രവേശിക്കാൻ എൻട്രി പാസ് അനുവദിക്കുന്നുണ്ട്. |
| (ഡി) | കേരളാ മീഡിയ അക്കാദമി, പ്രസ് അക്രഡിറ്റേഷൻ കമ്മിറ്റി, പോലീസ് പ്രസ് റിലേഷൻ കമ്മിറ്റി എന്നിവിടങ്ങളിൽ പ്രദേശിക പത്രപ്രവർത്തകരുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ